**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3693** **09-10-2025 - ൽ മറുപടിയ്ക്ക്**

**രാസവളക്ഷാമം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വളങ്ങൾക്ക് ക്ഷാമം അനുഭവപ്പെടുന്നുണ്ടോ; വിശദമാക്കാമോ; | (എ) | **കേന്ദ്ര രാസവള മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഡിപ്പാർട്ട്മെന്റ് ഓഫ് ഫെർട്ടിലൈസർ, മാസം തോറും നൽകി വരുന്ന വളത്തിന്റെ സപ്ലൈ പ്ലാനിന്റെ അടിസ്ഥാനത്തിലാണ് വളവിതരണ കമ്പനികൾ സംസ്ഥാനങ്ങൾക്ക് വളം നൽകുന്നത്. 2025 ജൂൺ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ സപ്ലൈപ്ലാൻ പ്രകാരം ലഭിയ്ക്കേണ്ട യൂറിയയിൽ 15624 മെട്രിക് ടണ്ണിന്റെ കുറവും, 2025 മെയ് മാസത്തിൽ 2600 മെട്രിക്ക് ടൺ അമോണിയം ഫോസ്ഫേറ്റിന്റെ കുറവും, ജൂലൈ മാസത്തിൽ 10,000 മെട്രിക് ടൺ പൊട്ടാഷിന്റെ കുറവും വന്നിട്ടുണ്ട്.** |
| (ബി) | ഓരോ കാർഷിക സീസണിലും സംസ്ഥാനത്തിന് ആവശ്യമായി വരുന്ന വളത്തിന്റെ അളവ് വ്യക്തമാക്കുമോ; നിലവിൽ വളത്തിന്റെ ലഭ്യതയിൽ സംസ്ഥാനത്തിന്റെ ആവശ്യം നിറവേറ്റപ്പെടുന്നുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | **2025 ഖാരിഫ് സീസണിലും റാബി (2025-26) സീസണിലും സംസ്ഥാനത്തിന് ആവശ്യമെന്ന് കണക്കാക്കപ്പെട്ട വളത്തിന്റെ അളവ് അനുബന്ധമായി ചേർത്തിരിക്കുന്നു. 2025 ഖാരിഫ് സീസണിൽ 177668 മെട്രിക് ടൺ വളം ലഭിയ്ക്കേണ്ടിയിരുന്നപ്പോൾ 168290.575 മെട്രിക് ടൺ വളം മാത്രമാണ് സംസ്ഥാനത്ത് ലഭ്യമായത്.** |
| (സി) | കർഷകർക്ക് വളം ലഭ്യമാകുന്നതിൽ ദൗർലഭ്യം നേരിടുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (സി) | **സംസ്ഥാനത്തെ വിള വിസ്തൃതിയെ അടിസ്ഥാനമാക്കി വളത്തിന്റെ ആവശ്യകത കേന്ദ്ര സർക്കാരിന് സമർപ്പിയ്ക്കുന്നതിന്റെ അടിസ്ഥാനത്തിൽ അനുവദിയ്ക്കുന്ന വളം വിതരണം നടത്തുന്നതിന് വിവിധ വളം നിർമ്മാതാക്കളെ കേന്ദ്രം ചുമതലപ്പെടുത്തുന്നു. സംസ്ഥാനത്തിന് വളം വിതരണം ചെയ്യുവാൻ ചുമതലപ്പെടുത്തിയിട്ടുള്ള ഇത്തരം കമ്പനികൾ യഥാസമയം വളം വിതരണം ചെയ്യാത്ത സാഹചര്യത്തിലാണ് വളം ദൗർലഭ്യം നേരിടുന്നത്.** |
| (ഡി) | ഇവ പരിഹരിക്കുന്നതിൽ സർക്കാർ സംവിധാനങ്ങളിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ; വിവരിക്കാമോ? | (ഡി) | **ഇല്ല. വളത്തിന്റെ ദൗർലഭ്യം ഉണ്ടായ അവസരത്തിൽ എല്ലാംതന്നെ ഇക്കാര്യം കേന്ദ്ര രാസവള മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.** |

| | | | |
|---|---|---|---|
| | | | **ബന്ധപ്പെട്ട കേന്ദ്ര മന്ത്രിയ്ക്ക് കത്തുകൾ നൽകുകയും ചെയ്തിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| പ്രതിമാസം ആവശ്യമുള്ള വളത്തിന്റെ തോത് (മെട്രിക് ടൺ) | | | | | | |
|---|---|---|---|---|---|---|
| **സീസൺ** | **യൂറിയ** | **ഡി എ പി** | **എസ് എസ് പി** | **എം ഒ പി** | **കോംപ്ലക്സ് വളങ്ങൾ** | **ആകെ** |
| **ഖാരിഫ് 2025** | | | | | | |
| ഏപ്രിൽ 2025 | 10562 | 928 | 269 | 6230 | 4849 | 22869 |
| മെയ് 2025 | 7660 | 2978 | 901 | 4105 | 10834 | 26501 |
| ജൂൺ 2025 | 8937 | 2183 | 1365 | 10080 | 10896 | 33559 |
| ജൂലൈ 2025 | 8240 | 1234 | 494 | 7045 | 17840 | 34931 |
| ആഗസ്റ്റ് 2025 | 7105 | 390 | 583 | 6215 | 13578 | 28219 |
| സെപ്റ്റംബർ 2025 | 9496 | 4287 | 388 | 6325 | 11004 | 31590 |
| **ആകെ** | **52000** | **12000** | **4000** | **40000** | **69001** | **177669** |
| **റാബി 2025-26** | | | | | | |
| ഒക്ടോബർ 2025 | 11485 | 1738 | 572.75 | 11680 | 12971 | 38588.75 |
| നവംബർ 2025 | 14200 | 1001 | 623.35 | 11661 | 15395 | 43140.35 |
| ഡിസംബർ 2025 | 13400 | 2428 | 351 | 10347 | 11694 | 38432.00 |
| ജനുവരി 2026 | 11200 | 1603 | 268 | 4754 | 9836 | 28121.00 |
| ഫെബ്രുവരി 2026 | 4121 | 581 | 62 | 3823 | 4408 | 13126.5 |
| മാർച്ച് 2026 | 7594 | 649 | 242.55 | 7735 | 6696 | 22960.55 |
| **ആകെ** | **62000** | **8000** | **2119.65** | **50000** | **61000** | **184369.15** |